Sectt. 37 GCPT. 3/1340/2003/DTP. 20,000 © Govt. of Kerala

# GOVERNMENT OF KERALA

നംപർ.5837/ ബി1 /09 /നി. വ

നികുതി (ബി) വകുപ്പ്
തിരുവനന്തപുരം
തീയതി 26/10 /09

പ്രിൻസിപ്പൽ സെക്രട്ടറി

ചെയർമാൻ,
കേരള ഹോംസ്റ്റേ ആന്റ് ടൂറിസം സൊസൈറ്റി,
അവിട്ടം, 16/239 C,മെയിൻ റോഡ്,
തൃപ്പൂണിത്തുറ 682 301, എറണാകുളം.

സർ,

വിഷയം: ഹോംസ്റ്റേകൾക്കുള്ള ആഡംബര നികുതി പിൻവലിക്കണമെന്നത് സംബന്ധിച്ച്.
സൂചന: ശ്രീ.കെ.വി.തോമസ് (മുൻ എം.എൽ.എ) 27/1/09ന് ബഹു.ധനകാര്യ വകുപ്പു മന്ത്രിക്ക് നൽകിയ നിവേദനം.

മേൽ സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 1976 ലെ ആഡംബര നികുതി നിയമപ്രകാരം മുറി വാടക ഉൾപ്പടെയുള്ള സൗകര്യങ്ങൾക്കും സേവനങ്ങൾക്കും (ഭക്ഷണം, മദ്യം ഇവ ഒഴികെ) പ്രതിദിനം 200 രൂപയിൽ കൂടുതൽ ഈടാക്കുണ്ടെങ്കിൽ ഓരോ റൂമിനും 10% ഉം 500 രൂപയിൽ കൂടുതലാണെങ്കിൽ 15% ഉം ആണ് ഹോട്ടലുകളിൽ നിന്നും ഈടാക്കുന്ന ആഡംബര നികുതി. എന്നാൽ 5 മുറികളെങ്കിലും ഉണ്ടെങ്കിൽ മാത്രമേ ഹോട്ടലുകൾക്ക് നികുതി ബാധ്യത വരികയുള്ളൂ. ഹോംസ്റ്റേകൾ ടൂറിസ്റ്റുകളിൽ നിന്നും വൻതുകകൾ ഈടാക്കുന്നുവെങ്കിലും, ഇവിടങ്ങളിൽ 5 മുറികൾ ഇല്ല എന്ന ഒറ്റക്കാരണത്താൽ നികുതി ബാധ്യതയിൽ നിന്നും ഒഴിവായിപോകുന്ന അവസ്ഥയാണ് നിലവിലുണ്ടായിരുന്നത്. ഈ അപാകത ഒഴിവാക്കുന്നതിനും ഈ മേഖലയിൽ നിന്നും ആനുപാതികമായി ഒരു തുക നികുതിയായി ഖജനാവിലേക്ക് എത്തണമെന്നുള്ളതും കൊണ്ടാണ് ഹോംസ്റ്റേകൾക്ക് തുലോം പരിമിതമായ നിരക്കിൽ നികുതി ഏർപ്പെടുത്തിയത്. ആയതിനാൽ പ്രസ്തുത നികുതി നിർദ്ദേശം പിൻവലിക്കാൻ നിർവ്വാഹമില്ല എന്ന വിവരം ഖേദപൂർവ്വം അറിയിക്കുന്നു.

വിശ്വസ്തതയോടെ

ബി.ശ്രീദേവി
അഡീഷണൽ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി